**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3960** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖലകളിൽ പശ്ചാത്തല സൗകര്യങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ പശ്ചാത്തല പരിഷ്കരണത്തിന് നൽകുന്ന തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ആരോഗ്യ കേന്ദ്രങ്ങൾ സ്കൂളുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് തുക വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇതിനായി നീക്കി വച്ചിട്ടുള്ള തുക പത്ത് കോടിയാണ്. ഇതിനു പുറമെ ആർ.ഐ.ഡി.എഫ്, കിഫ്ബി, ഓഖി പുനരധിവാസം എന്നിവയിൽ നിന്നും മത്സ്യമേഖലയുടെ വികസനത്തിനായി തുക കണ്ടെത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ എല്ലാവർക്കും കുടിവെള്ളവും വൈദ്യുതിയും നൽകുന്നതിന് പ്രത്യേക സ്കീം നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ? | (ബി) | ഫിഷറീസ് വകുപ്പ് മുഖേന എല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ കുടിവെള്ളം എത്താത്ത മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖല കളിൽ ഫിഷറീസ് വകുപ്പ് മുഖേന അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ